## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3756. 30.01.2014 ൽ മറുപടിയ്ക്ക്.

### മോട്ടോർവാഹന വകുപ്പിൽ പരാതി പരിഹാരസെൽ

| ചോദ്യം<br>ശ്രീ. എ.റ്റി. ജോർജ്<br>" കെ. അച്ചുതൻ<br>" വി.ഡി.സതീശൻ<br>" ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) മോട്ടോർവാഹന വകുപ്പിൽ പരാതി പരിഹാരസെല്ലിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിലും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 01/07/2013 മുതൽ പരാതി പരിഹാര സെൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം തലത്തിലാണ് സെല്ലുകൾ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഗതാഗത കമ്മീഷണറേറ്റിലും ആണ് സെല്ലുകൾ പ്രവർത്തിക്കുന്നത്. അവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും വിലയിരുത്തുവാനും അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരേയും ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരേയും, ഗതാഗത കമ്മീഷണറേറ്റിൽ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണറേയും ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (സി) പരാതികൾ നൽകാൻ എന്തെല്ലാം സംവിധാനമാണ് സെല്ലുകളിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) | പരാതികൾ /അഭിപ്രായങ്ങൾ / നിർദ്ദേശ ങ്ങൾ മുതലായവ അറിയിക്കുന്നതിനായി ഹെഡ്ക്വാർട്ടേഴ്സിലെയും എല്ലാ മേഖലാ ഓഫീസുകളിലേയും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലേയും ഫോൺ നമ്പരും ഇ-മെയിൽ അഡ്രസ്സും മാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) പരാതികൾ സ്വീകരിച്ചുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുവാനും പരാതികൾക്ക് പരിഹാരം കാണുവാനും എന്തെല്ലാം കാര്യങ്ങൾ ഇതിൽ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) | പരാതി പരിഹാര സെൽ മുഖാന്തിരം പരാതി നൽകുന്ന വ്യക്തിക്ക് പരാതിയുടെ ക്രമനമ്പർ നൽകുകയും (ഡോക്കറ്റ് നമ്പർ) പരാതിയിൽ സ്വീകരിച്ച തുടർനടപടികൾ അറിയുന്നതിനായി പ്രസ്തുത നമ്പർ സൂക്ഷിച്ച് പരാതിക്കാരന് ബന്ധപ്പെടാവുന്നതുമാണ്. |

| | | | |
|---|---|---|---|
| (ഇ) | സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഇ) | സെല്ലിന്റെ പ്രവർത്തനത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ പ്രചാരം നൽകുന്നതിന്റെ ഭാഗമായി പരാതി അറിയിക്കേണ്ടതായ ഫോൺ നമ്പരും ഇ - മെയിൽ അഡ്രസ്സും മാധ്യമങ്ങൾ വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.